## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ:5340 — 01.07.2019 ലെ മറുപടിയ്ക്ക്

### നിലമ്പൂർ സബ് ട്രഷറി

**ചോദ്യം** — **ഉത്തരം**

ശ്രീ.പി.വി.അൻവർ

ഡോ. റ്റി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | നിലമ്പൂർ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ; | നിലമ്പൂർ സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണം ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറി ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോ; എത്രയാണ് കെട്ടിട നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന തുക; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 17 കോടി രൂപ 2054-00-095-96(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. നിലമ്പൂർ സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി വേണ്ടി വരുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. |
| (സി) | നിലമ്പൂർ ട്രഷറിയെ റൂറൽ ജില്ലാ ട്രഷറിയായി ഉയർത്തുന്നതിന് എം.എൽ.എ. നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | നിലമ്പൂർ സബ് ട്രഷറിയെ റൂറൽ ജില്ലാ ട്രഷറിയായി ഉയർത്തുന്നതു സംബന്ധിച്ച് ബഹു.എം.എൽ.എ യിൽ നിന്നും നിവേദനം ലഭിച്ചിട്ടില്ല. |
| (ഡി) | നിലമ്പൂർ കേന്ദ്രമാക്കി റൂറൽ ജില്ല ട്രഷറി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതോടെ ട്രഷറി ഇടപാടുകാർക്ക് നിലവിൽ ഏതു ട്രഷറിയിൽ നിന്നും ഇടപാട് നടത്താൻ തക്കവണ്ണം ട്രഷറികൾ സജ്ജമായികഴിഞ്ഞതിനാൽ നിലവിൽ പുതിയ ട്രഷറികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

Sreedharan

സെക്ഷൻ ഓഫീസർ